**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6511** **03.04.2018-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, കെ. ദാസൻ<br>,, എം. നൗഷാദ്<br>,, കെ.ജെ. മാക്സി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ കൂലിയും അന്തസ്സും സുരക്ഷിതവുമായ ജീവിത സാഹചര്യവും ഒരുക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തികൾ വിശദമാക്കുമോ; | (എ) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനത്തിന് അർഹതയുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് കൂലി കുറച്ചു നൽകുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. വിവിധ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു.<br>ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി ക്ഷേമപദ്ധതി പ്രകാരം ചികിത്സാസഹായം (25,000/- രൂപ) ടെർമിനൽ ബെനിഫിറ്റ് (10,000/- രൂപ മുതൽ 25,000/- രൂപ വരെ) വിദ്യാഭ്യാസ ആനുകൂല്യം (1000/- മുതൽ 3000/- വരെ), അപകടമരണ ധനസഹായം (50,000/-രൂപ) ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000/- രൂപ മുതൽ 15,000/-രൂപ വരെ) പ്രസവ |

ധനസഹായം (15,000/-രൂപ) തുടങ്ങി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രതിവർഷം 15000 രൂപയുടെ സൗജന്യ ചികിത്സയും 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസും പദ്ധതി പ്രകാരം ലഭിക്കും.

| | | | |
|---|---|---|---|
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന ആവാസ് ഇൻഷ്വറൻസ് അടക്കമുള്ള പദ്ധതികളെക്കുറിച്ച് ഇവരിൽ ബോധവത്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഒരുക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും നടത്തിപ്പും ആരുടെ മേൽനോട്ടത്തിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" മുഖേനയാണ് ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി "അപ്നാഘർ" ഭവന പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഡി) | പ്രസ്തുത ഭവന സമുച്ചയം ഒരുക്കുന്നതിന് സന്നദ്ധമായി വരുന്നവർക്ക് സർക്കാർ സഹായം നൽകുമോ; സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.